വിദേശത്തുനിന്ന് വരുന്നവരുടെ പുനരധിവാസം

198 [3168] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിൽനിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചു വരുന്നവരുടെ പുനരധിവാസത്തിനായി എന്തൊക്കെ സഹായങ്ങൾ നൽകുന്നു;

(ബി) ഇത്തരം സഹായങ്ങൾ ഇതിനകം എത്രപേർക്ക് നൽകിയിട്ടുണ്ടെന്നു വിശദമാക്കാമോ?

ഉത്തരം

(എ) വിദേശത്തുനിന്നും മടങ്ങിവരുന്നവർക്കായി ആദായകരമായ ചെറുകിട വ്യവസായ സംരംഭങ്ങളിലൂടെ ക്ഷേമപുനരധിവാസ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് നോർക്കവകുപ്പിന്റെ ഫീൽഡ് ഏജൻസിയായ നോർക്ക-റൂട്ട്സ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. താഴ്ന്ന വരുമാനവിഭാഗത്തിൽപ്പെട്ടവരും ഇടത്തരം വരുമാന വിഭാഗത്തിൽപ്പെട്ടവരുമാണ് ഇതിന്റെ ഗുണഭോക്താക്കൾ. സംസ്ഥാനത്തിനുപുറത്ത് രണ്ടുവർഷമെങ്കിലും ജോലി ചെയ്തശേഷം കേരളത്തിൽ തിരിച്ചെത്തിയവരും ഇപ്പോൾ കുടുംബം പുലർത്താൻ വരുമാനദായകപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ ആഗ്രഹിക്കുന്നവർക്കും എന്നാൽ മുതൽമുടക്കാൻ കഴിയാത്തവർക്കുമാണ് ഇതിന് അർഹതയുള്ളത്. തിരുവനന്തപുരം, കൊല്ലം ജില്ലകളിലായി ഇത്തരത്തിലുള്ള 15-ഓളം ചെറുകിടസംരംഭങ്ങൾ ഫെഡറൽ ബാങ്കിന്റെ വായ്പാസഹായത്തോടുകൂടി കഴിഞ്ഞ ഒരു വർഷത്തിലേറെയായി പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമേ പത്ര പരസ്യം മുഖേന ലഭിച്ച അപേക്ഷകളിൽനിന്നും തെരഞ്ഞെടുത്ത 59-ഓളം പേർക്ക് 20,000 രൂപ മുതൽമുടക്കുള്ള പദ്ധതിക്ക് 50% (പരമാവധി 10,000 രൂപ) വരെ നോർക്ക-റൂട്ട്സ് ഗ്രാന്റ് ആയി അനുവദിച്ചിരുന്നു. ഇതിൽനിന്നും 40-ഓളം പേർ ഇതിനോടകംതന്നെ ഗ്രാന്റ് കൈപ്പറ്റിയിട്ടുമുണ്ട്. ഇതിനുപുറമേ സ്റ്റെഡ്, സി-ഡിറ്റ് എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് പ്രവാസികൾക്കും കുടുംബങ്ങൾക്കും 50% വരെ ഫീസിളവിൽ തൊഴിലധിഷ്ഠിത പരിശീലന പരിപാടി നടത്തുന്നതിനുള്ള പദ്ധതിയും നോർക്ക-റൂട്ട്സ് നടപ്പിലാക്കിവരുന്നു. വരും വർഷങ്ങളിൽ ഇത്തരത്തിലുള്ള കൂടുതൽ സ്ഥാപനങ്ങളുമായി ചേർന്ന് തൊഴിൽസാദ്ധ്യതയുള്ള പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും നോർക്ക-റൂട്ട്സ് നടപടികൾ കൈക്കൊണ്ടുവരുന്നു.

(ബി) ഇത്തരം സഹായം നാളിതുവരെ 54 ആളുകൾക്ക് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly